വയനാട് ജില്ലയിലെ സ്കൂൾ-കോളേജ്-സാങ്കേതിക വിദ്യാഭ്യാസ മേഖലകളിൽ നടത്തിയ വികസന-നവീകരണ പ്രവർത്തനങ്ങൾ

48(737) ശ്രീ. പി. കൃഷ്ണപ്രസാദ് : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

വയനാട് ജില്ലയിലെ സ്കൂൾ-കോളേജ്-സാങ്കേതിക വിദ്യാഭ്യാസ മേഖലകളിൽ ഈ സർക്കാർ നടത്തിയ വികസന-നവീകരണ പ്രവർത്തനങ്ങൾ, അവയ്ക്ക് ചെലവഴിച്ച തുക സഹിതം മണ്ഡലം തിരിച്ച് വിശദമാക്കുമോ ?

ഉത്തരം

വിവരം ശേഖരിച്ചുവരുന്നു.

ഒറ്റപ്പാലം സർക്കാർ ബധിര മൂക വിദ്യാലയത്തിൽ ഇൻഡോർ സ്റ്റേഡിയം നിർമ്മിക്കുന്നതിനുള്ള നടപടി

49(738) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഒറ്റപ്പാലം സർക്കാർ ബധിര മൂക വിദ്യാലയത്തിൽ ഒരു "ഇൻഡോർ സ്റ്റേഡിയം" നിർമ്മിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ; എങ്കിൽ അതിന്റെ കാലിക സ്ഥിതി വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത സ്റ്റേഡിയത്തിന്റെ നിർമ്മാണത്തിനായി എത്ര കോടി രൂപയാണ് നീക്കിവച്ചിരിക്കുന്നതെന്ന് വിശദമാക്കുമോ ;

(സി) സ്റ്റേഡിയത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ എന്നത്തേക്ക് ആരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ; വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. ആയതിലേക്ക് കോഴിക്കോട് പി.ഡബ്ല്യു.ഡി. ലോക്കൽ ഡിവിഷൻ&ലോക്കൽ വർക്ക്സ് സൂപ്രണ്ടിംഗ് എഞ്ചിനീയർ 70 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുകയും കായിക യുവജന കാര്യാലയ ഡയറക്ടർക്ക് നൽകുകയും ചെയ്തിട്ടുണ്ട്.

(ബി) തുക നീക്കി വച്ചിട്ടില്ല.

(സി) ഫണ്ട് ഇതുവരെ ലഭ്യമായിട്ടില്ലാത്തതിനാൽ പ്രസ്തുത സ്റ്റേഡിയത്തിന്റെ നിർമ്മാണം ആരംഭിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly